# ചീമേനിയിൽ എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നത്?

ചീമേനിയിൽ ശരിക്കും എന്താണ് വരാൻ പോകുന്നത് എന്നുതന്നെ അധികാരികൾ പുറത്തുവിട്ടിട്ടില്ല. പല ദുരൂഹതകളും ഇതിനെ ചുറ്റിപ്പറ്റിയുണ്ട്. എത്ര മെഗാവാട്ടിന്റെ വൈദ്യുതിയാണ് അവിടെ നിന്നും ഉദ്പാദിപ്പിക്കപ്പെടുക എന്നു ചോദിച്ചാൽ പല ഉത്തരങ്ങളാണു നിങ്ങൾക്കു ലഭിക്കുക. പൊതുവെ ലാഭകരമല്ലാത്ത താപ വൈദ്യുതി, പെട്രോകെമിക്കൽസുപോലുള്ള വ്യവസായങ്ങൾക്ക് താത്കാലികമായി വൈദ്യുതി നൽകാൻ വേണ്ടിയാണുണ്ടാക്കുന്നത്.

ആശഹരി

**ചീമേനി** കേരളീയർക്കു സുപരിചിതമായ ഒരു സ്ഥലമാണ്. ഈ ഉൾനാടൻ കാസർഗോഡൻ ഗ്രാമം എൻഡോസൾഫാൻ എന്ന ഒരു പൈശാചിക വിഷത്തിന്റെ ഇരയാക്കപ്പെട്ട ഒരു നാടാണ്. ചത്തു ജീവിക്കാൻ വിധിക്കപ്പെട്ട നിഷ്കളങ്കരായ ഈ ഗ്രാമീണരുടെ ജീവിതത്തിലേക്കാണ് വീണ്ടും ചില അശനിപാതങ്ങൾ വന്നു വീഴാൻ പോകുന്നത്?

**താപനിലയമോ പെട്രോകെമിക്കൽസോ?**

ചീമേനിയിൽ ശരിക്കും എന്താണ് വരാൻ പോകുന്നത് എന്നുതന്നെ അധികാരികൾ പുറത്തുവിട്ടിട്ടില്ല. പല ദുരൂഹതകളും ഇതിനെ ചുറ്റിപ്പറ്റിയുണ്ട്. എത്ര മെഗാവാട്ടിന്റെ വൈദ്യുതിയാണ് അവിടെ നിന്നും ഉദ്പാദിപ്പിക്കപ്പെടുക എന്നു ചോദിച്ചാൽ പല ഉത്തരങ്ങളാണു നിങ്ങൾക്കു ലഭിക്കുക. പൊതുവെ ലാഭകരമല്ലാത്ത താപ വൈദ്യുതി, പെട്രോകെമിക്കൽസുപോലുള്ള വ്യവസായങ്ങൾക്ക് താത്കാലികമായി വൈദ്യുതി നൽകാൻ വേണ്ടിയാണുണ്ടാക്കുന്നത്? ഗവ: സപ്ലൈ ലഭിക്കാത്ത സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ താപനിലയത്തിന്റെ മറവിൽ പെട്രോ കെമിക്കൽസുതന്നെയല്ലെ വരാൻ പോകുന്നത്?

2400 ഏക്കറിലേറെ സ്ഥലമാണ് ഇതിനായി കൊടുക്കാൻ പോകുന്നത്. യൂണിറ്റിന് 6 രൂപവരെ നിർമാണച്ചെലവുവരുന്ന താപവൈദ്യൂതി ലാഭകരമല്ലാത്തതിനാൽ ഉദ്പാദനം നിർത്തേണ്ടിവരും. പിന്നീട് സ്ഥലമത്രയും പ്രത്യേക സാമ്പത്തിക മേഖല (SEZ) ഉണ്ടാക്കാൻ വേണ്ടിയും ഉപയോഗിക്കപ്പെടാം.

**വികസനമെന്നാൽ വിനാശമെന്നാണോ?**

ഇത്തരം സംശയങ്ങൾ നിലനിൽക്കവെത്തന്നെ, ചില മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ 'വികസനനത്തിനനുകൂലമായി പ്രചാരണം തുടങ്ങിയിട്ടുണ്ട്. റെയിൽവരും, റോഡുവരും, തുറമുഖം വരും, വൈദ്യൂതി ലഭിക്കും, തൊഴിലവസരങ്ങൾ ഉണ്ടാക്കും എന്നൊക്കെയാണു പ്രചാരണങ്ങൾ. ശുദ്ധവായു ശ്വസിച്ചും ശുദ്ധജലം കുടിച്ചും ജീവിക്കാനുള്ള അവകാശം നിഷേധിച്ചിട്ട് എന്തെങ്കിലും നൽകിയിട്ട് വല്ല കാര്യമുണ്ടോ?

**വൈദ്യുതി പ്രതിസന്ധി എന്ന കെട്ടുകഥ**

കേരളത്തിൽ യഥാർത്ഥത്തിൽ വൈദ്യൂതി പ്രതിസന്ധിയുണ്ടോ? കാടായാലും പുഴകളായാലും ചീമേനിപോലുള്ള ഗ്രാമങ്ങളായാലും അവയെ നശിപ്പിച്ചുകൊണ്ട് പുതിയ പുതിയ പദ്ധതികൾ കൊണ്ടു വരേണ്ടത് യഥാർത്ഥത്തിൽ ആരുടെയാവശ്യപ്രകാരമാണെന്ന് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. പരസ്യങ്ങൾക്കായും ആഘോഷങ്ങൾ എന്ന പേരിലും പിന്നെ ഓഫീസുകളിലും വീടുകളിലുമൊക്കെ വേണ്ടതിലും എത്രയോ ഇരട്ടി വൈദ്യുതി ധൂർത്തടിക്കുകയും വൈദ്യൂതി വിൽക്കുകയും വരെ ചെയ്യുന്ന ഒരു നാടാണ് കേരളം. ഇതൊക്കെ ക്രമീകരിക്കുകയും വൈദ്യൂതി ഉപഭോഗത്തിൽ കർക്കശ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ തന്നെ എല്ലാ പ്രതിസന്ധിയും പരിഹരിക്കപ്പെടും. കാറ്റിൽനിന്നും. സൂര്യനിൽ നിന്നും ചപ്പു ചവറിൽനിന്നുമൊക്കെ നമുക്ക് വൈദ്യുതിയുണ്ടാക്കാനും സാധിക്കും.

**താപനിലയം വൈദ്യുതി തരുമോ?**

കേരളത്തിൽ നിലവിലുള്ള താപനിലയങ്ങളിൽ നിന്നും ഡീസൽ നിലയങ്ങളിൽ നിന്നുമൊക്കെ നാമമാ

ത്രമായ വൈദ്യുതി ഉദ്പാദനം മാത്രമെ നടക്കുന്നുള്ളു. മാത്രമല്ല അവയെ തീറ്റിപ്പോറ്റാൻ ഗവർമെന്റിന് കോടികൾ ചെലവിടേണ്ടിയും വരുന്നുണ്ട്? എന്നിട്ടും എന്തിനാണ് പുതിയൊരു നിലയംകൂടി തുടങ്ങുന്നത്?

**താപനിലയം ഉയർത്തുന്ന ചില പ്രശ്നങ്ങൾ**

2000ത്തിലേറെ മെഗാവാട്ട് വൈദ്യുതി ഉദ്പാദിപ്പിക്കാനാവശ്യമായ കൽക്കരി കത്തിക്കുമ്പോൾ വലിയ അളവിൽ ജലം ആവശ്യമായി വരും; ഒരു ദിവസം ഏകദേശം 6 മില്യൻ ലിറ്റർ. ജല ദൗർലഭ്യം അനുഭവപ്പെടുന്ന കേരളത്തിൽ എവിടെ നിന്നാണീ ജലമെടുക്കുക? കുഴൽക്കിണർ കുഴിച്ചു പുഴകളെയും മറ്റും ചൂഷണം ചെയ്തുമവർ ജലമെടുക്കുമ്പോൾ നാട്ടുകാരുടെ കുടിവെള്ളമായിരിക്കും മുട്ടുക. കുഴൽകിണറുകൾ അധികമാകുമ്പോൾ ഭൂമിയിൽ വിള്ളലുകളും ഉണ്ടാകും...

ചൂടായ കൽക്കരി തണുപ്പിക്കാനും ജലം വേണം. ഇതു വേണമെങ്കിൽ വലിയ തുരങ്കങ്ങൾ നിർമ്മിച്ച് കടലിൽ നിന്നെടുക്കുമായിരിക്കും. എങ്കിലും അതിനു ശേഷം ചൂടായ ഈ ജലം തിരികെ കടലിലേക്കു തന്നെ ഒഴുക്കി വിടുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി നമുക്കൂഹിക്കാൻ കൂടിപറ്റില്ല. 20 -30 കിലോമീറ്റർ ചുറ്റളവിൽ ഒഴുകിപ്പരക്കുന്ന ഈ ചൂടുവെള്ളം കടലിലെ സസ്യങ്ങളെയും മുഴുവൻ ജീവികളെയും നശിപ്പിക്കും....

നിലയം പ്രവർത്തിക്കാൻ 32 വാഗണോളം കൽക്കരി വേണ്ടിവരും. കൊങ്കൺ റെയിൽവേ വഴി ഇവ എത്തിക്കുമ്പോൾ മുഴുവൻ കേരളീയരുടെയും ഗതാഗതമായിരിക്കും താറുമാറാക്കുക...

ഇന്ത്യൻ കൽക്കരി ഗുണനിലവാരം കുറഞ്ഞതാണ്. അതുകത്തുമ്പോഴുണ്ടാകുന്ന മാലിന്യപ്രശ്നങ്ങളും ഏറെയാണ്. ഇതിൽ നിന്നുണ്ടാകുന്ന 'ഫ്ളൈ ആഷ്' ചീമേനിയുടെ അന്തരീക്ഷത്തിൽ മാത്രമല്ല തങ്ങിനിൽക്കുക. സ്ഥലത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ, കാറ്റിന്റെ ഗതിവിഗതികൾ എന്നിവയാൽ ഇത് ഏറെയും നാട്ടിൽ ഒഴുകി നടക്കുകയും കടൽ വരെ എത്തുകയും ചെയ്യും...

**ചീമേനിക്കാർ ഉണർന്നു കഴിഞ്ഞു.** ചീമേനിക്കാർ ഭീതിയിലാണിന്ന്. അവർ സമരം തുടങ്ങിക്കഴിഞ്ഞു. കാസർഗോഡ് ജില്ലാ പരിസ്ഥിതി സമിതി, സീക്ക് തുടങ്ങിയ പരിസ്ഥിതി സംഘടനകളൊക്ക രംഗത്തുണ്ട്. സീക്കിന്റെ ടി.പി. പത്മനാഭൻ മാസ്റ്ററെ കൺവീനറാക്കിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൺവെൻഷനുകൾ, മീറ്റിംഗുകൾ, വീടുകൾ കയറിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയൊക്കെ നടന്നുവരുന്നു. ഇത് ചീമേനിക്കാരുടെ മാത്രം പ്രശ്നമല്ല. തീരദേശത്തെ മൊത്തം ബാധിക്കാനിടയുണ്ട്. ഇവിടന്നു പുറത്തുവിടുന്ന കാർബൺഡയോക്സൈഡും കേരളത്തിന്റെ കാലാവസ്ഥയിൽ മാറ്റങ്ങൾ വരുത്തിയേക്കാം. ചീമേനിക്കാർക്കോ കാസർഗോഡുകൾക്കോ മാത്രം ചെറുത്തുതോൽപിക്കാനാകാത്ത വിധം വമ്പൻമാരാണ് എതിർപക്ഷത്ത്. അതിനാൽ എല്ലാവരും ഈ സമരത്തെ ശക്തമാക്കാനായി പങ്കുചേരുകയും ഈ വിനാശം മാത്രം വിതയ്ക്കുന്ന പദ്ധതിയുടെ അന്ത്യം കുറിക്കുകയും ചെയ്യേണ്ടതാണ്.

*ചക്കരക്കൽ, കണ്ണൂർ*

ബന്ധങ്ങൾക്ക് :
അമ്പലത്തറ കുഞ്ഞികൃഷ്ണൻ :
9946722972




ഗുരുവായൂരിലെ മാലിന്യം ഒഴുകിയെത്തുന്നത് തൈക്കാട് പഞ്ചായത്തിലെ ചക്കംകണ്ടത്താണ്.

**പുതിയ കാളിന്ദി പറയുന്നത്**

**ചക്കംകണ്ടം മാലിന്യപ്രശ്നം - ഡോക്യുമെന്ററി**

*സംവിധാനം :*
**മുസ്തഫ ദേശമംഗലം**

*നിർമ്മാണം :* വിഷ്വൽ സേർച്ച്

*ബന്ധങ്ങൾക്ക് :* **9447973717**


## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കപ്പുറത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :
**കേരളീയം, കൊക്കാലെ, തൃശൂർ-21**
**ഫോൺ : 9446576943, 9446586943, 0487-2421385**
e-mail : robinkeraleeyam@gmail.com